പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

07.03.2018 ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*171

## സർക്കാർ ആശുപത്രികളിലെ ചികിത്സാ സൗകര്യങ്ങൾ

| ചോദ്യം<br>ശ്രീ.എം. നൗഷാദ്<br>,, ബി.ഡി. ദേവസ്സി<br>,, എസ്.രാജേന്ദ്രൻ<br>,, ഐ.ബി. സതീഷ് | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സർക്കാർ ആശുപത്രികളിലെ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | നവകേരള മിഷന്റെ ഭാഗമായി നടപ്പിലാക്കുന്ന ആർദ്രം പദ്ധതിയിലൂടെ സർക്കാർ ആശുപത്രികൾ രോഗീസൗഹൃദമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നല്ല രീതിയിൽ പുരോഗമിക്കുന്നുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി വികസിപ്പിക്കുന്ന പ്രവർത്തനം, ജില്ലാ താലൂക്ക് തല ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ നിശ്ചിത മാനദണ്ഡങ്ങളോടെ വികസിപ്പിക്കൽ, ജില്ലാ തല ആശുപത്രികളിലെയും മെഡിക്കൽ കോളേജുകളിലെയും ഒ.പി.വിഭാഗങ്ങൾ രോഗീ സൗഹൃദമാക്കൽ, ആരോഗ്യ സ്ഥാപനങ്ങളിൽ ചികിത്സാ മാർഗ്ഗരേഖകൾ അടിസ്ഥാനമാക്കിയുള്ള ചികിത്സകൾ ഉറപ്പ് വരുത്താനുള്ള നടപടികൾ എന്നിവ ലക്ഷ്യം വച്ച് ആർദ്രം മിഷന്റെ പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br>സർക്കാർ ആശുപത്രികളിൽ ഉയർന്ന നിലവാരത്തിലുള്ള ചികിത്സ ഉറപ്പ് വരുത്തുന്നതിനായി ഓരോ ജില്ലയിലും ഓരോ ജില്ലാ തല ആശുപത്രിയും |

പിന്നോക്ക ജില്ലകളായ വയനാട്, കാസർഗോഡ്, കണ്ണൂർ എന്നിവിടങ്ങളിൽ രണ്ട് വീതവും 75 താലൂക്ക് തല ആശുപത്രികളും ആർദ്രം മിഷനിൽ ഉൾപ്പെടുത്തി സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരികയാണ്. ഈ ആശുപത്രികളിലെ ഡോക്ടർമാരുടെയും മറ്റ് ആശുപത്രി ജീവനക്കാരുടെയും കുറവ് പരിഹരിക്കാനായി സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിലുള്ള ഡോക്ടർമാരുടേതടക്കം 266 ഡോക്ടർമാരുടെ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തി വരികയാണ്. കൂടാതെ ഈ വിഭാഗം ആശുപത്രികളിലേയ്ക്കായി നേഴ്സ്, ലബോറട്ടറി ടെക്നീഷ്യൻ, ഫാർമസിസ്റ്റ് തുടങ്ങിയ വിവിധ വിഭാഗം ജീവനക്കാരുടെ തസ്തികകൾ ആർദ്രം മിഷന്റെ ഭാഗമായി സൃഷ്ടിച്ച് നിയമനങ്ങൾ നടത്തി സേവനം വിപുലപ്പെടുത്തി വരികയാണ്. കിഫ്ബിയിൽ ഉൾപ്പെടുത്തി ആരോഗ്യവകുപ്പിലെ എട്ടും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ രണ്ടും ആശുപത്രികളിൽ കാത്ത് ലാബ്, ആൻജിയോ പ്ലാസ്റ്റി സൗകര്യങ്ങൾ ഘട്ടം ഘട്ടമായി ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ഇതേ സ്കീമിൽ ഉൾപ്പെടുത്തി നിലവിലുള്ള ഡയാലിസിസ് യൂണിറ്റുകൾക്കു പുറമേ 44 താലൂക്ക്/ജില്ലാ തല ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കാനുള്ള പ്രവർത്തനം പുരോഗമിക്കുകയാണ്. കാത്ത് ലാബ് യൂണിറ്റ് വികസനങ്ങൾക്കുള്ള പ്രവർത്തനങ്ങൾ സംസ്ഥാന പ്ലാൻ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കാനും അതു വഴി ആശുപത്രികളെ കൂടുതൽ രോഗി സൗഹൃദമാക്കാനും കഴിയുന്നതാണ്.

സർക്കാർ ആശുപത്രികളിലെ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് കാത്ത് ലാബ്

| | | | |
|---|---|---|---|
| | | | സജ്ജമാക്കൽ. അടിയന്തിര വൈദ്യസഹായം സജ്ജമാക്കൽ, ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കൽ, സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾക്ക് വേണ്ട ഉപകരണങ്ങൾ വാങ്ങൽ, ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയ 170 ഫാമിലി ഹെൽത്ത് സെന്ററുകളിലേക്ക് വേണ്ട അടിസ്ഥാന ഉപകരണങ്ങൾ വാങ്ങൽ, ലബോറട്ടറി സജ്ജമാക്കൽ മുതലായവയ്ക്ക് 9077 ലക്ഷം രൂപയുടെ ഉപകരണങ്ങൾ 2017-18 സാമ്പത്തിക വർഷത്തിൽ വാങ്ങുന്നുണ്ട്. |
| (ബി) | എല്ലാ താലൂക്ക് ആശുപത്രികളിലെയും ഓപ്പറേഷൻ തീയേറ്റർ, അനസ്തേഷ്യ,ഡെർമറ്റോളജി, ഇ.എൻ.റ്റി, ഗൈനക്കോളജി, ഓർത്തോപീഡിക്സ്, പീഡിയാട്രിക്സ്, റേഡിയോളജി എന്നീ വിഭാഗങ്ങളിലേക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് പുതിയ പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) & (സി) | 2017-18 സാമ്പത്തിക വർഷത്തിലെ പദ്ധതിയിൽ 74 താലൂക്ക് ആശുപത്രികളിലെ ആവശ്യം കണക്കിലെടുത്ത് ഓപ്പറേഷൻ തീയേറ്റർ, അനസ്തേഷ്യ, ഡെർമറ്റോളജി, ഇ.എൻ.ടി., ഗൈനക്കോളജി, ഓർത്തോപീഡിക്സ്, പീഡിയാട്രിക്സ്, റേഡിയോളജി എന്നീ വിഭാഗങ്ങളിലേക്ക് വേണ്ട ഉപകരണങ്ങൾ വാങ്ങുവാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഉപകരണങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണെന്നും ഇവ വിതരണം ചെയ്യുന്നത് ഏത് സ്ഥാപനമാണെന്നും വ്യക്തമാക്കാമോ; | | |
| (ഡി) | ജില്ലാ/ജനറൽ ആശുപത്രികളിലെ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | ജില്ലാ/ജനറൽ ആശുപത്രികളിലെ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 23.09.2017-ലെ സർക്കാർ ഉത്തരവ് (കൈ) നം.136/2017/ആ.കു.വ. പ്രകാരം 610 തസ്തികകൾ ജില്ലാ/താലൂക്ക് ആശുപത്രികളിൽ സൃഷ്ടിച്ച് നിയമനം നടത്തി വരുന്നു. ഇതിൽ സൂപ്പർ സ്പെഷ്യാലിറ്റിയിൽ 18 തസ്തികകളും, കാത്ത് ലാബിൽ 6 തസ്തികകളും, ഡയാലിസിസ് യൂണിറ്റുകളിൽ 68 തസ്തികകളും, ഇ.സി.ജി ടെക്നീഷ്യന്റെ 36 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ കാർഡിയോളജി, യൂറോളജി, |

| | | | |
|---|---|---|---|
| | | | നെഫ്രോളജി, ന്യൂറോളജി ചികിത്സാ വിഭാഗങ്ങൾ ആരംഭിക്കുന്നതിനും പുതിയ നിർമ്മാണ പ്രവർത്തനങ്ങൾക്കും റിപ്പയറിനുമായി 2000 ലക്ഷം രൂപ 2017-2018 ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>കിഫ്ബിയിൽ ഉൾപ്പെടുത്തി ആരോഗ്യ വകുപ്പിലെ എട്ടും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 2 ആശുപത്രികളിലും കാത്ത് ലാബ്, ആൻജിയോപ്ലാസ്റ്റി സൗകര്യങ്ങൾ എന്നിവ ഘട്ടം ഘട്ടമായി ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. നിലവിലുള്ള ഡയാലിസിസ് യൂണിറ്റുകൾക്കു പുറമേ 44 താലൂക്ക് ജില്ലാ തല ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. കാത്ത് ലാബ് യൂണിറ്റ് വികസനത്തിനുള്ള പ്രവർത്തനങ്ങൾ സംസ്ഥാന പ്ലാൻ ഫണ്ട് വഴിയും പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്താനും രോഗി സൗഹൃദമാക്കാനും കഴിയുന്നതാണ്. ജനറൽ/ജില്ലാ ആശുപത്രികളിലെ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളായ കാർഡിയോളജി, ന്യൂറോളജി, യൂറോളജി എന്നീ വിഭാഗങ്ങൾക്കു വേണ്ട ഉപകരണങ്ങൾ വാങ്ങുവാൻ ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ഉപകരണങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ